"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.311/2025/CLAD തീയതി,തിരുവനന്തപുരം, 01-06-2025

---

പരാമർശം:-

1. 04.01.2021 ലെ 1/2021/ധന നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.260/2025/CLAD തീയതി 12.05.2025
3. മലയാളം മിഷൻ ഡയറക്ടറുടെ 15.05.2025-ലെ 2115/2022/മ. മി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലയാളം മിഷന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 2202-05-102-86 (പ്ലാൻ) ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും ആദ്യ ഗഡുവായി 50 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. മലയാളം മിഷന് 2025-26 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ "2202-05-102-86(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ആദ്യ ഗഡുവായി 40,00,000/- രൂപ (നാല്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) പ്രകാരം പ്രസ്തുത തുക മലയാളം മിഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 799012700001403 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന

ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം മലയാളം മിഷൻ ഡയറക്ടർ ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ അനുവദിച്ച തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/(എ ആന്റ് ഇ) ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (26.05.2025- ലെ E 3151354 EDN-C3/113/2025-FIN നമ്പർ കുറിപ്പ് പ്രകാരം)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം

ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ വിഭാഗം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(C1/70/2025-CLAD) )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
Date: 03-06-2025 11:46:14

സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്. ന്